ഉത്തരം

(എ, ബി ആന്റ് സി) സംസ്ഥാനത്ത് സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുവാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ തസ്തികകൾ പുനർ നാമകരണം ചെയ്യുവാൻ നടപടി

34 [2251] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ തസ്തികയായ പി.എ., എ.എ., എ.പി.എഫ്.ഒ. എന്നീ പോസ്റ്റുകൾ യഥാക്രമം എ.ഒ. ഗ്രേഡ്-2, എ.ഒ. ഗ്രേഡ്-1, ഡിസ്ട്രിക്ട് പ്രൊവിഡന്റ് ഫണ്ട് ഓഫീസർ എന്നിങ്ങനെ പുനർനാമകരണം ചെയ്യണമെന്ന ജീവനക്കാരുടെ ആവശ്യത്തിൻമേൽ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം തുടർ നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) തസ്തികകൾ പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) മിനിസ്റ്റീരിയൽ തസ്തികകൾ പുനർനാമകരണം ചെയ്യണമെന്നുള്ള ജീവനക്കാരുടെ ആവശ്യം പരിശോധനയിലാണ്.

കോഴിക്കോട് നഗരത്തിലെ സ്കൂളുകൾക്ക് എസ്.എസ്.എ. ഫണ്ട് അനുവദിക്കാൻ നടപടി

35 [2252] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005 സാമ്പത്തിക വർഷം കോഴിക്കോട് നഗരത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് എസ്.എസ്.എ. ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഓരോ സ്കൂളിനും നൽകിയ ഫണ്ട് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly